

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 21 No. 02 Newsletter February 2023



ഈ വഴിക്കു നിങ്ങൾ മുമ്പേ പോയിട്ടില്ലല്ലോ (യോശുവ 3:4)




Watch
Night
Service





New
Year
Service





# CHURCH VOICE

21th year of publication

FEBRUARY 2023



**EDITORIAL BOARD**

**EDITOR**
Mrs. Valsa D. S.

**SUB EDITOR**
Er. Ceragil Austin Prince

**MEMBERS**
Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**
The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**
**GRACE PRINTERS**
**Muttada. Ph: 9447059891**


## CSI MATEER MEMORIAL CHURCH

**Regular Weekly Programme**

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



Letter from Presbyter

# പ്ലാറ്റിനം ജൂബിലി വരെ... 5

Rev. Dr. L.E. Sahanam



**ലൂഥറൻ സഭകൾ**

മാർട്ടിൻ ലൂഥറിനെ റോമൻ കത്തോലിക്കാ സഭയിൽ നിന്നു പുറത്താക്കിയതിനെത്തുടർന്ന് അദ്ദേഹം ജർമ്മനിയിൽ താമസിച്ച് തന്റെ പ്രവർത്തനങ്ങൾ തുടരുകയും തന്റെ ചിന്തകൾ വിശദീകരിക്കയും ചെയ്തു വന്നു. അതു വരെയും ഗ്രീക്കു ഭാഷയിൽ മാത്രം ലഭ്യമായിരുന്ന പുതിയ നിയമം ചുരുങ്ങിയ കാലം കൊണ്ടു (1522-ൽ) ജർമ്മൻ ഭാഷയിലേക്ക് അദ്ദേഹം ഭാഷാന്തരം ചെയ്ത് ജർമ്മനിയിലെ നവീകരണ വിശ്വാസികൾക്കൊരു പ്രചോദനമായി. നിരവധി വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച ലൂഥറിന്റെ വേദപുസ്തക വ്യാഖ്യാനങ്ങൾ, വിശേഷിച്ചും റോമാ ലേഖനത്തിന്റെ വ്യാഖ്യാനം നവീകരണ വിശ്വാസികളെ വളരെയധികം സ്വാധീനിച്ചിരുന്നു. ലൂഥർ തന്നെ രചിച്ച വിശ്വാസ പഠന പുസ്തകങ്ങൾ (വലുതും, ചെറുതും) (the large catechism and shorter catechism) അവരുടെ വിശ്വാസത്തിന്റെ പാഠപുസ്തകങ്ങളായി.

വേദപുസ്തകം കഴിഞ്ഞാൽ ലൂഥറൻ സഭകൾ അംഗീകരിച്ചിട്ടുള്ള ഒരു പ്രധാന പുസ്തകമാണ് ദി ബുക്ക് ഓഫ് കൺകോർഡ് (The book of concord). ഇതിൽ മൂന്നു വിശ്വാസ പ്രമാണങ്ങൾ, ലൂഥറിന്റെ മതബോധന പാഠങ്ങൾ (Catechism) ദി ആഗ്സ് ബർഗ് കൺഫെഷൻ (The Augsburg confessior) (മാർട്ടിൻ ലൂഥറിന്റെ ആശയങ്ങളെ പിൻതുടരുന്നവരോട് തങ്ങളുടെ വിശ്വാസപരമായ നിലപാടുകൾ റോമ ചക്രവർത്തിയുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് ആവശ്യപ്പെട്ടു. അതിനുവേണ്ടി ലൂഥറിന്റെ ഒരു കടുത്ത അനുയായി ആയിരുന്ന റവ. മെലാംഗ്ടൺ എഴുതി 1530 ജൂൺ 30-ന് ജർമ്മനിയിലെ ആഗ്സ്ബർഗിൽ അവതരിപ്പിച്ച വിശ്വാസ വിചാരങ്ങളാണ് ആഗ്സ് ബർഗ് കൺഫെഷൻ എന്നറിയപ്പെടുന്നത്) ലൂഥറിന്റെ അടിസ്ഥാന ചിന്തകൾ എന്നിവ അടങ്ങിയിട്ടുണ്ട്.

പല നവീകരണ സഭകളും പ്രായോഗിക ഭക്തിക്ക് (Practical Piety) പ്രാധാന്യം നൽകിയിരുന്നപ്പോൾ ലൂഥറൻ സഭകൾ വിശ്വാസപരമായ വ്യക്തതക്ക് കൂടുതൽ പ്രാധാന്യം നൽകുകയും താരതമ്യേന

യാഥാസ്ഥിക നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിരുന്നു. നവീകരണ ചിന്തകളുടെ അടിസ്ഥാന പ്രമാണങ്ങളായ പഞ്ചപ്രമാണങ്ങൾ അംഗീകരിച്ചിരുന്ന അവർക്ക് വിശ്വാസപരമായ വിഷയങ്ങളിൽ ലൂഥറിന്റെ വേദപുസ്തകത്തിന്റെ വ്യാഖ്യാനങ്ങളായിരുന്നു അവസാനവാക്ക്.

1546-ൽ മാർട്ടിൻ ലൂഥറിന്റെ മരണത്തെ തുടർന്ന് ജർമ്മനിയിലെ സ്വതന്ത്രസഭകൾ ലൂഥറൻ സഭകൾ എന്ന് അറിയപ്പെട്ടു തുടങ്ങി. ജർമ്മനിയിലെ വിവിധ പ്രവിശ്യകളിൽ അധികാരത്തിലിരുന്ന പ്രഭുക്കന്മാരും തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്വതന്ത്ര സഭകളെ ലൂഥറൻ സഭകളായി പ്രഖ്യാപിച്ചു. ചിലയിടങ്ങളിൽ അതുവരെയും വളരെ ശക്തമായി അറിയപ്പെട്ടിരുന്ന റോമർ കത്തോലിക്കാ സഭകളെ ഒരു സുപ്രഭാതത്തിൽ ലൂഥറൻ സഭകളായി അംഗീകരിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തു.

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി സഭയുടെ പ്രധാന ദൗത്യം സുവിശേഷീകരണമായിരിക്കണം എന്ന ചിന്ത പ്രബലപ്പെട്ടു തുടങ്ങി. യൂറോപ്പിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലേക്കും ലൂഥറൻ സഭകൾ വ്യാപിച്ചുതുടങ്ങി. തങ്ങൾ മറ്റ് നവീകരണ സഭകളിൽ നിന്ന് വ്യത്യസ്ഥരാണ് എന്ന് സൂചിപ്പിക്കുന്നതിന് ലൂഥറൻ സഭകൾ അവയുടെ പേരിനൊപ്പം ഇവാഞ്ചലിക്കൽ എന്ന പദം കൂടെ ചേർത്തു തുടങ്ങി. അതിന്റെ ഫലമായി മറ്റു ഭൂഖണ്ഡങ്ങളിൽ ലൂഥറൻ സഭകൾ മിഷൻ പ്രവർത്തനം വ്യാപിപ്പിച്ചപ്പോൾ ഇവാഞ്ചലിക്കൽ എന്ന പദം കൂടെ ചേർത്താണ് അവയുടെ പേരുകൾ പറഞ്ഞിരുന്നത്. അങ്ങനെയാണ് തെക്കെയിന്ത്യയിൽ ആരംഭിച്ച സഭകൾക്ക് ഇന്ത്യൻ ഇവാഞ്ചലിക്കൽ ലൂഥറൻ സഭ (ഐ.ഇ.എൽ.സി.) തമിഴ് നാട്ടിലെ സഭകൾക്ക് തമിഴ് ഇവാഞ്ചലിക്കൽ ലൂഥറൻ സഭ (ടി.ഇ.എൽ.സി) ആന്ധ്രയിലെ സഭകൾക്ക് ആന്ധ്രാ ഇവാഞ്ചലിക്കൽ ലൂഥറൻ സഭ (എ.ഇ.എൽ.സി.) എന്നിങ്ങനെ ഇവാഞ്ചലിക്കൽ എന്ന പദം കൂടെ അവയുടെ പേരിനൊപ്പം ചേർന്നു വന്നത്.

**ആരാധനാരീതികൾ**

ആരാധനാ രീതികളിൽ ലൂഥറൻ സഭകൾ പൊതുവെ ആംഗ്ലിക്കൽ സഭകളെപ്പോലെ ലിറ്റർജി കേന്ദ്രീകൃതമായ രീതികൾ തന്നെ പിൻതുടർന്നു. പല ലൂഥറൻ സഭകളുടെ ആരാധനകളും വളരെ നീട്ടി ചൊല്ലുന്ന ആലാപനരീതി സ്വീകരിച്ചിരുന്നു. എന്നാൽ ചാന്റിംഗ് അവലംബിച്ചിരുന്ന കത്തോലിക്കാ, അംഗ്ലിക്കൻ സഭകളിൽ നിന്ന്

വ്യത്യസ്തമായി വചനശുശ്രൂഷയും വേദപുസ്തക വ്യാഖ്യാനവും അവരുടെ എല്ലാ ആരാധനകളുടെയും അവിഭാജ്യഘടകമായിരുന്നു.

**സഭാഭരണക്രമം**

സഭാഭരണക്രമത്തിൽ ലൂഥറൻ സഭകൾ വ്യത്യസ്ഥ ഭരണക്രമങ്ങൾ പിൻതുടർന്നു. ചില സഭകൾ എപ്പിസ്കോപ്പൻ ഭരണക്രമം പിൻതുടർന്നപ്പോൾ മറ്റുചില സഭകൾ പ്രെസ്ബിറ്ററീരിയൻ സംവിധാനം പിൻതുടർന്നു. ഇന്ത്യയിൽ തന്നെ തമിഴ് ഇവാഞ്ചലിക്കൽ ലൂഥറൻ സഭ എപ്പിസ്ക്കോപ്പൻ സംവിധാനം പിൻതുടർന്നപ്പോൾ നമ്മുടെ പ്രദേശത്തെ ഇന്ത്യൻ ഇവാഞ്ചലിക്കൻ ലൂഥറൻ സഭകൾ (ഐ.ഇ.എൽ.സി.) പ്രസ്ബിറ്റീരിയൻ സംവിധാനം സ്വീകരിച്ചു.

17-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ നിന്ന് അമേരിക്കയിലേക്കു വ്യാപകമായ കുടിയേറ്റം ആരംഭിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. കുടിയേറ്റക്കാരിൽ നല്ലൊരു വിഭാഗം ലൂഥറൻ സഭാംഗങ്ങളായിരുന്നു. 18-ഉം, 19-ഉം നൂറ്റാണ്ടുകളിൽ ലൂഥറൻ സഭകൾക്കും മറ്റ് പ്രൊട്ടസ്റ്റാന്റ് സഭകളെപ്പോലെ അമേരിക്കയിൽ നല്ല വളർച്ചയുണ്ടായി. തികച്ചും സ്വതന്ത്ര സഭകളായാണ് ലൂഥറൻ സഭകൾ ആരംഭിച്ചതെങ്കിലും ഒരു പ്രദേശത്ത് സമാനവിശ്വാസ സ്വഭാവം വച്ചു പുലർത്തിയിരുന്ന സഭകൾ ക്രമേണ ആ പ്രദേശത്തിലെ ലൂഥറൻ സഭകൾ എന്നറിയപ്പെട്ടുതുടങ്ങി. അമേരിക്കയിലെ ലൂഥറൻ സഭകൾ, ജർമ്മനിയിലെ ലൂഥറൻ സഭകൾ, ബാസലിലെ ലൂഥറൻ സഭകൾ എന്നിങ്ങനെ ഒരു പ്രദേശത്തിന്റെയോ ഒരു രാജ്യത്തിന്റെയോ പേരിൽ അവ അറിയപ്പെടാൻ തുടങ്ങി.

അമേരിക്കയിൽ സഭകളുടെ എണ്ണം വർദ്ധിച്ചുവന്നപ്പോൾ ആശയങ്ങളുടെ അടിസ്ഥാനത്തിലും വേർതിരിവുകളുണ്ടായി. യാഥാസ്ഥിതിക വിശ്വാസം വച്ചു പുലർത്തിയിരുന്നവരും പുരോഗമന വിശ്വാസികൾ എന്നു കരുതിയിരുന്നവരും വ്യത്യസ്ഥ ലൂഥറൻ സഭകളായി അറിയപ്പെട്ടു തുടങ്ങി.

20-ാം നൂറ്റാണ്ടോടുകൂടി സഭൈക്യത്തിന്റെ കാഹളം മുഴങ്ങിത്തുടങ്ങിയത് ലൂഥറൻ സഭകളെയും സ്വാധീനിച്ചു. 1947-ൽ ലോകത്താകമാനമുള്ള ഏകദേശം 148 ലൂഥറൻ സഭാവിഭാഗങ്ങളെ യോജിപ്പിച്ചു കൊണ്ട് ലൂഥറൻ വേൾഡ് ഫെഡറേഷന് (Lutheran World Federation) രൂപം നൽകി. ഇന്ന് പ്രൊട്ടസ്റ്റാന്റ് സഭാവിഭാഗങ്ങളിൽ ബാപ്റ്റിസ്റ്റ് സഭകളെ മാറ്റി നിറുത്തിയാൽ ഏറ്റവും അധികം വിശ്വാസികളുള്ളത് ലൂഥറൻ സഭകളിലാണ്.



# പ്രതിവാര ധ്യാനം

**ഫെബ്രുവരി 5 - വിഷയം: ശബത്ത് - സൃഷ്ടിയുടെ പരിസമാപ്തി**
യെശ. 65:17-25, സങ്കീ.8, എബ്രാ. 4:2-13, മർക്കൊ. 2:23-28

**ഫെബ്രുവരി 12 - വിഷയം: സ്നേഹവും രോഗശാന്തിയും**
യെശ. 42:1-9, സങ്കീ. 103:1-14, യാക്കോ.5:13-18, മർക്കൊ.7:31-37

**ഫെബ്രുവരി 19-വിഷയം:നോമ്പ്കാലം പരിവർത്തനത്തിന്റെ സമയം**
യെശ. 44:21-28, സങ്കീ.6, റോമ. 11:13-24, യോഹ. 2:1-11

**ഫെബ്രുവരി 26 - വിഷയം: ശുദ്ധീകരിക്കുന്ന ക്രിസ്തു**
സെഖ. 13:1-9, സങ്കീ. 130, 1 യോഹ.1:5-10, മർക്കൊ. 1:40-45

## അമ്മമാർ

കുട്ടികൾക്ക് ലക്ഷ്യബോധമുണ്ടാക്കാൻ അമ്മമാർക്ക് സാധിക്കണം. കുട്ടികളെ നന്നായി വീക്ഷിച്ച് അവരുടെ അഭിരുചികൾ കണ്ടെത്തി അവർക്ക് ലക്ഷ്യങ്ങളും, സ്വപ്നങ്ങളും ഉണ്ടാക്കാൻ അമ്മമാർക്ക് സാധിക്കണം. ലക്ഷ്യങ്ങളും സ്വപ്നങ്ങളും ഇല്ലാത്ത കുട്ടികൾ വഴി തെറ്റി നടക്കും എന്ന കാര്യത്തിൽ സംശയം വേണ്ട.

കുട്ടികളെ സ്നേഹിക്കാൻ പഠിപ്പിക്കണം. ജീവിതത്തിൽ അർത്ഥം നൽകുന്നത് സ്നേഹമാണ്. ഭാവിയിൽ ധാരാളം മാനസ്സിക പ്രശ്നങ്ങൾ ഇല്ലാതാക്കാൻ അതവരെ സഹായിക്കും. സ്നേഹം കുടുംബങ്ങൾക്കും വ്യക്തികൾക്കും പ്രതിരോധ ശക്തി നൽകും. സ്നേഹത്തിൽ ചെയ്യാത്ത ഒന്നിനും നിലനിൽക്കാൻ സാധിക്കയില്ല. അമ്മ കൊടുക്കുന്ന, അമ്മ പഠിപ്പിക്കുന്ന സ്നേഹം തലമുറകളിലേയ്ക്ക് പകർന്നുകൊണ്ടിരിക്കും.

അമ്മമാർ അവരുടെ ഉത്തരവാദിത്വങ്ങൾ / കടമകൾ ഒരിക്കലും മറക്കരുത്. അങ്ങനെ നിങ്ങൾ നിങ്ങളുടെ കുടുംബത്തിന്റെ വെളിച്ചമായി എന്നും തീരട്ടെ.



# REPORT OF ACTIVITIES

**Adv. Sarjine Thomas**

Dear friends in Christ,

Greetings in the matchless name of our Lord and Savior Jesus Christ.

I am privileged to report the activities during the month of January 2023.

We stepped into the year 2023 with the Watch Night Service held on December 31, 2022, at 11:00 p.m. The message was delivered by Rev. Dr. L. E. Sahanam. Fireworks were organised by our CEYF members after the service.

The worship services were conducted on all Sundays at 9 a.m. Sermons were delivered by Rev. Sujin Jacob, Rev. Dr. G. ChrispinBaju, Prof. Gladston Raj, Rev. Dr. R. Gnanadas, and Rev. Dr. L. E. Sahanam.

Fasting prayer was held on Saturday, January 14th, at 10 a.m.Worship and songs were led by CEYF, and the sermon was delivered by Mr. Benjamin Moses.

During the month, circle prayers were conducted at the residences of Mr. Immanuel Henry and Dr.Aravind Gilbert.

The combined anniversary of CEYF, Men's Fellowship, Women's Fellowship, Senior Citizens' Fellowship, and Young Family Fellowship was conducted on January 15, 2023. The general body of all sub-organizations met on Sunday, January 22, 2023, to elect office bearers.

The following members have been elected as sub-organization office bearers for the year 2023:

## SUNDAY SCHOOL

| | | |
|---|---|---|
| Secretary | : | Er. Rajesh Kumar Praseedom |
| Accountant | : | Er. Arun Wilson |
| Treasurer | : | Er. Thomas Cris Sarasam |
| Executive Committee Member | : | Er. Anila Joshi |

## CHRISTIAN ENDEAVOUR YOUTH FELLOWSHIP (CEYF)

| | | |
|---|---|---|
| Vice President | : | Er. Ceragil Austin Prince |
| Secretary | : | Mr. Binil G. Edwin |
| Accountant | : | Mr. Titto S. Babu |
| Treasurer | : | Ms. Anakha V. Wills |
| CEJF (BCL and JCF) Convenor | : | Adv. Roy Y. A. |
| Committee Members | : | Er. Alan Frederick |
| | | Er. Rohan G. |
| | | Ms. Arsha S. S. |
| | | Ms. Brigitta W. L. |
| | | Dr. Angela J. Das |

## BOYS CHRISTIAN LITERARY (BCL) UNION

| | | |
|---|---|---|
| Secretary | : | Mr. Nevin Sanjit Devaram |
| Accountant | : | Mr. Rishon R. S. |
| Treasurer | : | Mr. Joel John Giju |

## JUNIOR CHRISTIAN FELLOWSHIP (JCF)

| | | |
|---|---|---|
| Secretary | : | Ms. Aneena Sonidas |
| Accountant | : | Ms. Dana Jain |
| Treasurer | : | Ms. Anna Cris Binu |

## WOMEN’S FELLOWSHIP

| | | |
|---|---|---|
| Vice President | : | Mrs. Geetha Padmakumar |
| Secretary | : | Mrs. Premula Morris |
| Accountant | : | Mrs. Merlin Ben |
| Treasurer | : | Mrs. Anitha Pradeep |

| | | |
|---|---|---|
| Committee Members | : | Dr. Sajitha Sanjeev |
| | | Mrs. Prabha Joshua |
| | | Dr. Thilaga Samson |
| | | Mrs. Sheela Remani |
| | | Mrs. Helen Baby |
| | | Mrs. Vasantha Johnson |
| | | Mrs. Jothi Roberts |
| | | Mrs. Stella Thomas |

**MEN'S FELLOWSHIP**

| | | |
|---|---|---|
| Vice President | : | Dr. John Sajit Edwin |
| Secretary | : | Mr. Josh Raj J. |
| Accountant and Treasurer | : | Mr. Shajikumar K. |
| Committee Members | : | Er. Lal Jayakumar |
| | | Mr. Godwin Moses |
| | | Dr. Reghunath Raj |
| | | Mr. Edward John |
| | | Mr. John Benson |

**YOUNG FAMILY FELLOWSHIP**

| | | |
|---|---|---|
| Vice President | : | Er. C. Edwin |
| Secretary | : | Dr. Leena Binu |
| Jt. Secretary | : | Er. Jerry Daniel |
| Treasurer | : | Mrs. Anju Shalini |
| Committee Members | : | Er. Anila Joshi |
| | | Er. Priya Joy |
| | | Mrs. Nithya Anish |
| | | Adv. Asha Sarjine |
| | | Mrs. Angela Akash |
| | | Er. Arun Wilson |
| | | Mr. Ramon Jose |
| | | Er. Jose H. Jones |

| | | |
|---|---|---|
| Missions Coordinator | : | Mr. Sen Edwin |
| Charity Coordinator | : | Mr. Vijay Wills |
| Fellowship Coordinator | : | Mrs. Anie Reuben |

**SENIOR CITIZENS' FELLOWSHIP**

| | | |
|---|---|---|
| Vice President | : | Dr. Johnson |
| Secretary | : | Dr. Arthur Jacob |
| Jt. Secretary | : | Dr. Violet Rajam |
| Treasurer | : | Er. Lalitha Jayakumar |
| Program Coordinator | : | Mr. Charles Fision Thankaraj |
| Internal Auditor | : | Mr. Madan Dev |
| Bible Verse Teller | : | Mr. S. K. Dennison |
| Committee Members | : | Prof. Raja Prasad |
| | | Mrs. Prema Frederick |
| | | Mrs.Dani Natchathra Bai |
| | | Mrs. Grisilda Wills |
| | | Mrs. Meehal Godwin |
| Special Invitees | : | Mrs. Sulochi Berty |
| | | Mrs. Sneha Mallika |

**CHOIR**

| | | |
|---|---|---|
| Vice President | : | Dr. Samson Nessiah |
| Secretary | : | Er. Joshi Das Y. S. |
| Jt. Secretary | : | Er. Soben S. L. |
| Accountant | : | Er. John Benson |
| Internal Auditor | : | Mrs. Jothi Roberts |
| Committee Members | : | Mrs. Jaya Solomon |
| | | Mr. Jothi Sathianess |
| | | Mrs. Aji Wills |
| | | Mr. Rajeev Kumar R. R. |
| | | Dr. Thilaga Samson |
| | | Mr. Stanley Wilson |

Mrs. Premula Morris
Er. Tina Jose
Dr. Preethi Davidson

Republic Day was celebrated on Thursday, January 26th, under the leadership of C.E.Y.F. The National Flag was hoisted by Col. D.D. Anslem and a prayer was led by Rev. Dr. L.E. Sahanam with the participation of church members.

We continue our efforts to reclaim the possession of our church campus. Let's pray and work together in unity.

*God made Zacharias dumb because*
*he disbelieved His words,*
*and opened his mouth after*
*about nine months (Lk 1:20,64).*
*God made Paul blind because*
*he was devastating the Church,*
*and opened his eyes*
*after three days (Acts. 9:8,17,18).*
*Though not always*
*God does permit physical pain*
*to bring us to His path.*
*He 'tears' us but also 'heals' us,*
*'wounds' us but also 'bandages' us,*
*so we might 'return' to Him,*
*be 'revived' and 'refreshed' by His 'rain'*
*(Hos 6:1-3). Blessed be His Name)*

JEHOVA H WHO
MAKKE H ITS &
H EALETH

# GRAPPLE WITH THE TRUTH OF THE BIBLE



Dr. Christenson E. Sarasam

Christian believers must have a correct and clear understanding of death and the dead. Jesus died and rose again. “But the dead saints will rise first and they will join Jesus. Those who are left alive will be caught up in the clouds and they will meet the Lord. All this will happen when the Lord comes from heaven with a loud voice, the voice of the archangel and the trumpet of God” (1. Thess. 4:16).

**Those who join Jesus will be with Him forever.**

For those who are heathen, ignorant of the works of God, and without hope, death can be a fearful memory. Dreams about deceased loved ones make people more confused and depressed. God's children are different. Believers who have slept in the Lord are those who are sure that they will be resurrected at the appearance of the Lord. Children of God who are born in the Lord, who live in the Lord and die in the Lord will rise first. That means that the redeemed will be resurrected. So salvation is very important. The Lord of Hebrews asks: **'How can one fail if so great a salvation is neglected?”**. Let us walk through the way of salvation shown by the Lord.

The return of the Lord Jesus Christ will take place at the time and place appointed by God. It cannot be calculated by the human mind. The day of the Lord will come completely unexpectedly. Jesus' return will be like a thief in the night. Therefore, those who are children of light should strive for it. There are those who are not interested in being witnesses of the Lord and they live in injustice and iniquity. Those who engage in such unwise actions are children of darkness.

The children of light must prepare for the day of the Lord. The eternal purpose for the believers is that they should be saved and

sanctified. Believing in the resurrection of Jesus Christ and living as those who belong to it should be the most exhorting, comforting and edifying purpose of life.

Today's world conditions convince us of the need for us to be alert for the coming of the Lord. **We can see the signs of His coming everywhere.** Whether it is our death or the return of the Lord, surely we must be prepared for both.

There will be apostasy before this day of the Lord. He who is perishable and wicked will appear. He will oppose all that is called God or the object of worship and will set Himself above them all. He will remain till the appearance of Jesus Christ.

Even in the present Christian sphere, there are some who do not believe in the coming of the Lord and teach contrary to the Word. God's reward for them is a double hell. Such activists tend to mislead and confuse those who believe in the return of Jesus Christ. It is most important to be consistent in our faith and expectancy regarding rapture.

In the midst of the sufferings we face these days, we must not lose patience, but hold fast on Christ. **Torture and suffering will end once and for all.** The Lord Jesus Christ will take revenge on the oppressors at the time when he will appear in the clouds with the angels. Sufferers will feel relief on that day. Christians should always be filled with God's presence in their lives.

In the time of this blessed intervention of the Lord, wealth will be abundant everywhere. All kings will bow before the King of kings, Christ. During the reign of Christ, people will bless each other by pronouncing the name of Jesus. The scriptures assure us that such a great reign will come. **Are we prepared for that tomorrow?** Let us put ourselves in the arms of God to wait in readiness for the coming of the bridegroom, taking the lamp like the wise virgins.

I’m a fool......... If I don’t believe in bodily resurrection at Christ’s Return (1 Cor. 15:35,36)

കഥ

# ഇരുമെയ്യായാലും ഒരു മനസ്സായാൽ



സേം ഏനോക്ക്

നമുക്ക് പോണ്ടേ? മക്കളേ?

അതെ അമ്മേ, നമുക്ക് പോകാം

കഠിനാദ്ധ്വാനത്തിലും പരസ്പര സ്നേഹത്താലും അന്യോന്യം കൈത്താങ്ങലാലും സഹജീവികളെ സ്വന്തം മാംസത്തിന്റെ മാംസമായും, സ്വന്തം രക്തത്തിന്റെ രക്തമായും കണ്ടും കേട്ടും കൊടുത്തും പങ്ക് വച്ചും വളർന്ന് വരുന്ന രാജുവും രജനിയും അടങ്ങുന്ന ഒരു മാതൃകാ കുടുംബം. എല്ലാറ്റിലും ക്രമം, ചിട്ട, പക്ഷഭേദമില്ലായ്മ എന്നിവ തലമുറയായ് സിദ്ധിച്ച ഭവനത്തിൽ താമസിച്ചുവന്നു.

രജനി-രാജു ദമ്പതികൾക്ക് കന്നി പ്രസവത്തിൽ തന്നെ രണ്ട് ഓമന പുത്രന്മാർ ലഭിച്ചു. എല്ലാറ്റിലും ഒന്നുപോലെ കാണപ്പെട്ട ഓമനകൾക്ക് ബാലാരിഷ്ടതകൾ കഴിയുംവരെ പേർ വിളിച്ചില്ല. പേരിൽ പോലും ഇവർ അകലാൻ പാടില്ലെന്ന നിശ്ചയത്തോടെ 'രഞ്ചൻസ്' എന്ന് അവരെ പേർ വിളിച്ചു.

മാതാവും പിതാവും മുൻഗാമികളിൽ കൂടെ ആർജ്ജിതമായ നന്മകളും ആശീർവാദങ്ങളും അനുഭവത്തിൽ കൂടെ രഞ്ചൻസിനെ പരിശീലിപ്പിച്ച് വളർത്തി. ബലഹീനരെ താങ്ങേണ്ടതും പഠിപ്പിച്ചു. രാജുവിന് സഹായിയായ നരസിംഹൻ അനുനയത്തിൽ കൂടെ കുടുംബത്തിന്റെ വിശ്വസ്തനായി.

കൗമാര ദിശയിലാകുന്ന മക്കളുടെ കാഴ്ചയിലും ചലനത്തിലും വരുന്ന മാറ്റം ഗ്രഹിച്ച ദമ്പതികൾ നരസിംഹനോടും വിവരം പറഞ്ഞു.

അധികം വൈകാതെ രാജു അകാല ചരമം പ്രാപിച്ചു. കാൾച നഷ്ടപ്പെട്ട ഒരു മകൻ. കൈ പൊക്കാൻ കഴിയാത്ത മറ്റെ മകൻ. ആകെ നിരാലംഭയും നിസ്സഹായാവസ്ഥയിലുമായ അമ്മയും രഞ്ചൻസും പോംവഴികളെക്കുറിച്ചാലോചിച്ചിരിക്കുമ്പോൾ, നരസിംഹൻ രജനിയേയും രഞ്ചൻസ്നേയും ആട്ടിപ്പുറത്താക്കി.

തലമുറകളായി സർവ്വസ്വാതന്ത്ര്യത്തോടെ അനുഭവിച്ചിരുന്ന ഭവനത്തിൽ നിന്നും പുറത്താക്കപ്പെട്ടപ്പോൾ തളർന്ന് പോകാതെ, മടുത്ത്

പോകാതെ ദൃഢതയോടെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് വനത്തിൽ അവർ താമസമാക്കി.

വനവിഭവങ്ങൾ അനുഭവിക്കുമ്പോഴും എളിയവരെ താങ്ങാനും സഹായിക്കാനും മുൻഗാമികൾ പഠിപ്പിച്ചത് ആവും വിധം ചെയ്തു പോന്നു.

കാലാന്തരത്തിൽ വനവിഭവങ്ങൾ ശേഖരിക്കാൻ തങ്ങളുടെ ബലഹീനത തടസ്സമായത് റഞ്ചൻസ് മനസ്സിലാക്കി.

പതിവുപോലെ കുടുംബപ്രാർത്ഥനയിൽ വിഷയം വച്ചു. സ്നേഹനിധിയായ അമ്മ മക്കൾക്ക് ആശ്വാസം പകർന്നു. വാ കീറിയ ദൈവം ഭക്ഷണം നൽകും, മക്കളേ, വനത്തിൽ 'O' ശബ്ദം കേട്ട ദിശയിൽ എത്തിയ റഞ്ചൻസിനു പുതിയൊരറിവ് കിട്ടി. വേട്ടക്കാരൻ വെടിവച്ച് ഫലം കരസ്ഥമാക്കുന്നത് കണ്ട് മനസ്സിലാക്കിയ റഞ്ചൻസ് അദ്ദേഹവുമായി ചങ്ങാത്തതിലായി ആ വിദ്യ കരസ്ഥമാക്കി. അധിക ഫലവുമായി മക്കൾ വേഗത്തിൽ വീട്ടിൽ വന്നതിൽ അമ്മ സന്തോഷിച്ചു.

കാര്യം തിരക്കിയ അമ്മയോട്, ദൈവം നൽകുന്നത് സ്വീകരിക്കാൻ നാം തയ്യാറാകണമമ്മേ' എന്ന് മക്കൾ മറുപടി നല്കി.

അധികമായി സാധുക്കളെ സഹായിക്കാനും സംരക്ഷിക്കാനും ഈ വിഭവങ്ങൾ ഉപയോഗിച്ചു പോന്നു.

ഒരുനാൾ മക്കൾ വിഭവ ശേഖരത്തോട് വരുമ്പോൾ അമ്മ, "മക്കളേ കുറെ നാളുകളായില്ലെ നമ്മുടെ ഭവനത്തിൽ പോണ്ടേ? ഇന്ന് നമുക്കറിയാവുന്നൊരാൾ വളരെ പ്രയായപ്പെട്ട് വീട് കണ്ടു വന്നിരുന്നു. നരസിംഹാദികളളുടെ ഗുണഗണങ്ങളെക്കുറിച്ചും അവിടുത്തെ സൽക്രിയകളെക്കുറിച്ചും പറഞ്ഞു. എനിക്കും കൊള്ളാമെന്ന് തോന്നി, മക്കളേ "അമ്മേ, നമ്മുടെ മുൻഗാമികളിൽ കൂടെ ലഭ്യമായവയും നമ്മുടെ അദ്ധ്വാനം കൊണ്ടുണ്ടായവയും നാമും നമ്മുടെ അനന്തരാവകാശികളും അനുഭവിക്കേണ്ടത് തന്നെ, അമ്മേ!

അപ്പൻ ഉണ്ടായിരുന്നപ്പോൾ എല്ലാം നമ്മുടെ അവകാശത്തിലും അനുഭവത്തിലും ആയിരുന്നുവല്ലോ? ഇപ്പോഴവിടെ തസ്ക്കരനും വഞ്ചകനും കുലപാതകനുമായ നറസിംഹനിൽ നിന്നും എന്ത് നന്മ ലഭിക്കുമമ്മേ? അപ്പനെ കൊന്നു ഞങ്ങളെ അംഗഹീനരാക്കി അമ്മയെ വിധവ ആക്കി. വീടും സ്വത്തും അന്യാധീനത്തിലാക്കിയില്ലേ? നമ്മെ അനാഥരും ആക്കിയില്ലയോ?

മോനേ, ഞാനിതൊക്കെ വന്ന അളിനോട് പറഞ്ഞതിനു: 'അതൊക്കെ കഴിഞ്ഞുപോയതല്ലെ; ഇപ്പോൾ വന്ന് കാണ്മിൻ, അകത്ത് പോയാലല്ലേ അറിയൂ' എന്നൊക്കെ പറഞ്ഞു. അമ്മേ വിഭവ ശേഖരണം വേഗത്തിലും സുഗമവും ആക്കാൻ സഹായിച്ച ദൈവം നമുക്ക് നൽകിയത് വൃഥാവാകില്ലമ്മേ. ഇനി മറ്റൊരാൾക്കും ഈ ദുർഗ്ഗതി വരാതിരിക്കാനുള്ള വിധം പ്രവർത്തിക്കാനുള്ള ദൈവം നമ്മോടുണ്ടമ്മേ!

മക്കളേ, നിങ്ങളുടെ ഭാവി ഓർത്താണമ്മ പറഞ്ഞത്. എന്റെ എല്ലാം നിങ്ങൾതന്നെ. അമ്മേ, നമ്മുടെ ബലഹീനതയിൽ ശക്തി പകരുന്ന ദൈവം ശക്തിയും ബുദ്ധിയും ജ്ഞാനവും കഴിവും വിവേകവും നൽകിക്കൊണ്ടിരിക്കുന്നുവല്ലോ?

അതിനാലല്ലോ അകലങ്ങളിലായിരിക്കുന്ന ഫലം വേഗത്തിൽ ലഭ്യമാക്കുന്നതമ്മേ? മക്കളുടെ നിശ്ചയ ദാർഢ്യത്തിന് മുൻപിൽ അമ്മ നിശബ്ദയായി.

നാളുകൾ കടന്ന് പൊയ്ക്കൊണ്ടിരുന്നു.

റഞ്ചൻസ് വെടിവയ്ക്കാനുള്ള ആയുധവും ആവശ്യമായ തിരകളും കരസ്തമാക്കുന്നതോടൊപ്പം സുഗമമായി നടപ്പിലാക്കാനുള്ള വിദ്യകളും പശ്ചാത്തലവും ഒരുക്കിക്കൊണ്ടിരുന്നു.

വേട്ടക്കാരനെക്കൊണ്ട് തന്നെ തങ്ങളുടെ കഴിവ് ബോദ്ധ്യപ്പെട്ടു ഉറപ്പാക്കി. അമ്മയോടുകൂടി സ്വഭവനത്തിലേയ്ക്ക് യാത്രയായി.

മക്കളുടെ പക്കൽ ഇരിക്കുന്ന പൊതി കണ്ട് വിവരം തിരക്കിയ അമ്മയോട് അധികാരസ്ഥന്റെ അടുക്കൽ പോകുമ്പോൾ അനുയോജ്യമായ വിഭവം കൊടുക്കണ്ടേ. അമ്മേ, മക്കളുടെ സൻമനസ്സിനെക്കുറിച്ചും സന്ദർഭോജ്ജിതമായി അമ്മ മനസ്സിൽ സന്തോഷിച്ചു.

ഭവനത്തിൽ ചെന്നപ്പോൾ അധികാര്യസ്ഥനായ നറസിംഹനെ കണ്ടു വണങ്ങി നിന്നു. 'ശബ്ദം കേട്ട അമ്മ നിവർന്ന് നോക്കി' എല്ലാം ശുഭം. നീതി പീഠത്തിൽ നിന്നും വിധി വന്നു.

കൈ പൊക്കാത്തവനെക്കൊണ്ട് തോക്കെടുക്കാൻ കഴിയില്ല. കാഴ്ച്ച ഇല്ലാത്തവനെക്കൊണ്ട് ഉന്നം പിടിക്കാൻ കഴിയില്ല. അതിനാൽ കുറ്റാരോപിതരെ വെറുതെ വിടുന്നു.

(ഇന്നലെ നടന്നതോ, ഇനി നടക്കാൻ പോകുന്നതുമായവയ്ക്കോ ഈ കഥയുമായി ഒരു ബന്ധവുമില്ല)

# മുട്ടുവിൻ തുറക്കപ്പെടും


S.R. Chandrika Jayadas

മുട്ടുന്നു വാതിൽ തുറക്കൂ, നാഥാ!
ഹൃദയത്തിൻ വേദനകാണൂ.
അഴലും മനസ്സുകൾക്കാശ്വാസമേകൂ,
അവിടുത്തെ നീതി നടത്തൂ. (മുട്ടുന്നു)

പൂർവ്വപിതാക്കന്മാർക്കവിടുന്നു നൽകിയ
എം.എം. സഭ ഞങ്ങൾക്കുവേണം
ഇന്നവിടത്തെ അവസ്ഥകൾ കാണൂ
ഞങ്ങളുടെ പ്രാർത്ഥന കേൾക്കൂ. (മുട്ടുന്നു)

“മിണ്ടാതിരുന്നു ഞാൻ ദൈവമെന്നറിക”
എന്നരുൾ ചെയ്ത നാഥാ!
സമർപ്പണം ചെയ്യുന്നു നിൻ തിരുമുമ്പിൽ
തിരുഹിതം നിറവേറ്റൂ നാഥാ. (മുട്ടുന്നു)

“പ്രതികാരമെനിക്കുള്ളതു ഞാൻ പകരം ചെയ്യും”
എന്ന നിൻ വചനത്തെയോർത്ത്
സഹനവും പ്രാർത്ഥനയും മതിയെന്നു ചിന്തിച്ച്
ജീവിക്കും മക്കളെ കാണൂ. (മുട്ടുന്നു)

ദൈവമേ ഞങ്ങളെ കാക്കൂ, നിൻ സഭയെയും
സഭയുടെ സമ്പത്തിനെയും,
സഭയുടെ നിലനിൽപ് തലമുറകൾക്കാവശ്യം
അതിനാൽ അതു ഞങ്ങൾക്കേകൂ. (മുട്ടുന്നു)

മുടങ്ങാതെ നൽകിടും ആരാധനകൾക്കായ്
ദൈവമേ അങ്ങേക്കു സ്തോത്രം.
ഞങ്ങളെ കരുതുവാൻ സഭാനേതൃത്വമില്ലേലും
കർത്താവു ഞങ്ങൾക്കു മതിയാം. (മുട്ടുന്നു)

ബലമുള്ള കൈക്കീഴിൽ താണിരിപ്പാൻ തന്ന
കൃപകൾക്കായ് അങ്ങേക്കു നന്ദി.
ദൈവമഹത്വം വെളിപ്പെടും നാൾവരെ
കാത്തിരിപ്പാൻ കൃപയേകൂ. (മുട്ടുന്നു)

തിരുസാന്നിദ്ധ്യം കൊണ്ട് ഇന്നോളം നടത്തിയ
ദൈവമേ അങ്ങേക്കു സ്തോത്രം.
ഇനിയും നടത്തുവാൻ മതിയായവൻ എന്നു
തെളിയിക്കും കൃപകൾക്കായ് സ്തോത്രം. (മുട്ടുന്നു)



# ഹൃദയത്തിലെ ആഗ്രഹങ്ങളെ നല്കുന്ന ദൈവം

**ജെ. ദാനാബായ്**

"അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവനു നൽകി" (സങ്കീർത്തനം 21:2)

"ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്കുത്തരമരുളി എന്റെ ഉള്ളിൽ ബലം നല്കി എന്നെ ധൈര്യപ്പെടുത്തിയിരിക്കുന്നു" (സങ്കീർത്തനം 138:3)

ദാവീദിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നല്കിയ ദൈവം നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളും നല്കുമെന്നു വിശ്വസിച്ചാൽ ദൈവം അതു നമുക്കും നല്കും. ഇതു എന്റെ അനുഭവസാക്ഷ്യമാണ്.

**ഒരു ഗ്രാമപ്രദേശത്താണ് ഞാൻ ജനിച്ചത്.** എന്റെ ബാല്യകാലത്ത് ഞങ്ങളുടെ നാട്ടിൽ നിന്ന് കോളേജ് വിദ്യാഭ്യാസത്തിന് പോയിരുന്നത് വിരലിൽ എണ്ണാവുന്നത്ര കുട്ടികൾ മാത്രമായിരുന്നു. അവരെ ഞങ്ങളുടെ വീട്ടുകാരും നാട്ടുകാരും വളരെ ആദരവോടും അത്ഭുതത്തോടും കൂടെയാണ് കണ്ടിരുന്നത്. അവരെ കാണുമ്പോഴൊക്കെ **എനിക്കും കോളേജിൽ പഠിക്കണം എന്ന ആഗ്രഹം കൂടിക്കൊണ്ടിരുന്നു.** എന്റെ അപ്പച്ചൻ സ്കൂളിലെ ഹെഡ് മാസ്റ്റർ ആയിരുന്നു. പാവങ്ങളെ സഹായിക്കുന്ന ഒരു വലിയ മനസ്സിനുടമയായിരുന്നു. എന്നാൽ ഞാൻ എസ്.എസ്.എൽ.സി. പാസ്സായ കാലത്ത് എന്നെ തിരുവനന്തപുരത്ത് ഹോസ്റ്റലിൽ താമസിപ്പിച്ച് കോളേജിൽ പഠിപ്പിക്കാനുള്ള സാമ്പത്തിക ശേഷി അപ്പച്ചനുണ്ടായിരുന്നില്ല. അതുകൊണ്ട് ഒരു വർഷം ഞാൻ കോളേജിൽ പോകാതെ ടൈപ്പ് റൈറ്റിംഗും ഷോർട്ട് ഹാന്റും പഠിച്ചു പാസ്സായി. അതിലും ദൈവത്തിന് ഒരു ഉദ്ദേശ്യം ഉണ്ടായിരുന്നു എന്ന് പിൽകാലത്ത് എനിക്കു മനസ്സിലായി. ഞാൻ ഒടുവിലത്തെ വർഷം ബി.എ.യ്ക്ക് പഠിക്കുന്ന കാലത്ത് പി.എസ്.സി.യിൽ നിന്ന് വന്ന ടൈപ്പിസ്റ്റ്-കം-ക്ലർക്കിന്റെ പോസ്റ്റിന് ഞാൻ അപേക്ഷിച്ചു. നല്ല മാർക്കോടെ പാസ്സാകുകയും ചെയ്തു. ഡിഗ്രി പരീക്ഷ കഴിഞ്ഞ ഉടനെ എനിക്ക് ആ പോസ്റ്റിൽ പാലക്കാട് ജുഡീഷ്യൽ സെക്കന്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോർട്ടിൽ ടൈപ്പിസ്റ്റ്-കം-ക്ലർക്ക് ആയി ജോലികിട്ടി.

ഞാൻ ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലത്ത് കൊടിതൂക്കി പള്ളിയിൽ നടന്ന **ജപമണി സന്യാസിയുടെ ഒരു കൺവെൻഷൻ പ്രസംഗത്തിലൂടെ യേശുക്രിസ്തുവിനെ എന്റെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിച്ചു.** അന്നു മുതൽ ഞാൻ ദൈവത്തിന്റെ മകളാണെന്ന അടിയുറച്ച വിശ്വാസം എന്നിൽ വളർന്നുകൊണ്ടിരുന്നു. യോഹ. 1:12-ൽ "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾക്കു ആകുവാൻ അവൻ അധികാരം കൊടുത്തു" എന്നാണ്  പറയുന്നത്.

റോമർ 8:15, 17 വാക്യങ്ങളിൽ പറയുന്നത് "നാം പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രെ പ്രാപിച്ചത്" എന്നും "നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നെ" എന്നാണ്. അതുകൊണ്ട് എനിക്ക് കോളേജിൽ പോകുവാനുള്ള അവസരം ഒരുക്കി തരണമെന്ന് ഞാൻ ദൈവത്തോട് നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നു.

മാസം തോറും ബോർഡിംഗ് ഫീസ് ആയി 250 രൂപ മാത്രം തരുമെന്നും, മറ്റാവശ്യങ്ങൾക്കായി പണം ചോദിക്കരുതെന്നും, ഏതെങ്കിലും ക്ലാസിൽ തോറ്റു പോയാൽ അവിടെ വച്ച് പഠിത്തം നിർത്തും എന്നും ഉള്ള വ്യവസ്ഥയിൽ അടുത്ത വർഷം 1955-56-ൽ എന്നെ തിരുവനന്തപുരം ഗവ. വിമൻസ് കോളേജിൽ (അന്നത്തെ His Highness The Maharaja's College for Women) ചേർത്തു. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു ഇന്ത്യാ ഗവ. നല്കിയിരുന്ന സ്കോളർഷിപ്പ് ആയി വർഷംതോറും 380 രൂപ എനിക്ക് കിട്ടി. ഞാൻ താമസിച്ചിരുന്ന എൽ.എം.എസ്. ബോർഡിംഗ് ഹോമിൽ നിന്ന് പഠിച്ച പിന്നോക്ക വിഭാഗത്തിലെ കുട്ടികൾക്കു ബോർഡിംഗ് ഫീസ് മാസം തോറും അന്ന് എസ്.കെ.ഡി. ബിഷപ്പ് ആയിരുന്ന മോസ്റ്റ്.റവ. ലെഗ്ഗ് സായിപ്പ് നല്കിയിരുന്ന 250 രൂപ എനിക്കു കിട്ടി. അതിനെ ഒരു കാശുപോലും എന്റെ വിദ്യാഭ്യാസത്തിനായി അപ്പച്ചൻ ചെലവാക്കാതെ എന്റെ ദൈവം എന്റെ കോളേജ് വിദ്യാഭ്യാസം പൂർത്തായാക്കാൻ എന്നെ സഹായിച്ചു.

കോളേജിൽ അദ്ധ്യാപികമാർ ഇംഗ്ലീഷിലാണ് പഠിപ്പിച്ചിരുന്നത്. ട്യൂഷൻ ഇല്ലാതെ നാട്ടിൻ പുറത്തു നിന്നു മലയാളം മീഡിയത്തിൽ പഠിച്ചു കോളേജിൽ വന്ന എന്നെപ്പോലെയുള്ള കുട്ടികൾക്ക് ടീച്ചേഴ്സിന്റെ ഉച്ചാരണം മനസ്സിലാക്കാൻ മാസങ്ങൾ വേണ്ടിവന്നു.

ആദ്യവർഷത്തെ അവസാന പരീക്ഷ അടുത്തപ്പോൾ ആകെ ഭയമായി. തോറ്റാൽ പഠിത്തം നിർത്തും എന്ന അപ്പച്ചന്റെ വാക്കുകൾ എന്റെ ഉറക്കം കെടുത്തി. എല്ലാ സങ്കടങ്ങളും ഭാരങ്ങളും കർത്താവിന്റെ മുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

പരീക്ഷയുടെ തലേദിവസം എനിക്ക് ശക്തിയായ പനിയും തല വേദനയും തുടങ്ങി. എങ്കിലും പരീക്ഷക്കുപോയി. പരീക്ഷ ഹാളിൽ കയറി സീറ്റിൽ ഇരുന്നു കഴിഞ്ഞു നോക്കിയപ്പോൾ ശരീരം മുഴുവൻ തടിച്ച് മണൽവാരി ഇട്ടതുപോലെ നിറഞ്ഞു. കണ്ണുകളും ചുവന്നു തടിച്ചു. ചോദ്യപേപ്പർ തരാനായി വന്ന ടീച്ചർ എന്നെ നോക്കിയിട്ടു പറഞ്ഞു: "കുട്ടിയ്ക്ക് അഞ്ചാം പനിയാണ് (Measles). അതുകൊണ്ട് പരീക്ഷ എഴുതാതെ ഹോസ്റ്റലിലേക്ക് പൊയ്ക്കോളൂ" "പരീക്ഷ എഴുതിയില്ലെങ്കിൽ തോറ്റു പോകില്ലേ" എന്നു ഞാൻ ചോദിച്ചപ്പോൾ "മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരീക്ഷ എഴുതാതിരിക്കാനുള്ള Exemption -ന് അപേക്ഷ പ്രിൻസിപ്പലിനു ഇന്നുതന്നെ കൊടുക്കണം. പ്രിൻസിപ്പൽ അനുവദിച്ചാൽ കുട്ടിക്ക് പരീക്ഷ എഴുതാതിരിക്കാനുള്ള Exemption കിട്ടും എന്നു ടീച്ചർ പറഞ്ഞു. ഞാനങ്ങനെ ചെയ്തു. അടുത്ത ക്ലാസ്സിലേക്കുള്ള പ്രൊമോഷൻ കിട്ടി. 4 വർഷം കൊണ്ട് എന്റെ ബി.എ. ഡിഗ്രി പൂർത്തിയാക്കാൻ കർത്താവു സഹായിച്ചു.

വായനക്കാരോട് എനിക്ക് പറയുവാനുള്ളത് - "നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തംപരമായി ചെയ്യുവാൻ കഴിയുന്നവനാണ്'' നമ്മുടെ ദൈവം എന്നു നാം വിശ്വസിക്കണം (എഫെ. 3:20).

ഈ പുതിയ വർഷത്തിൽ നിങ്ങളുടെ ഹൃദയത്തിന്റെ വാതിൽ തുറന്നു കർത്താവിനെ ഹൃദയത്തിലേക്കു സ്വീകരിച്ച് ദൈവമകനായി/ മകളായിത്തീർന്ന് ദൈവം നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സകല അനുഗ്രഹങ്ങളുടെയും നന്മകളുടെയും അവകാശം പ്രാപിച്ചെടുത്ത് സന്തോഷത്തെടെ ജീവിപ്പാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. അതിനു പിതാ-പുത്ര-പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ സഹായിക്കട്ടെ, അനുഗ്രഹിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

*"ഒരു മാതാവിനോ പിതാവിനോ പിൻതലമുറയ്ക്ക് കൊടുക്കുവാൻ കഴിയുന്ന ഏറ്റവും നല്ല അവകാശം പ്രാർത്ഥനയുടെ പിന്തുടർച്ചാവകാശമാകുന്നു"*

# SPORTS AND GAMES COMPLEMENT EDUCATION



**Er. Premdas Justus**

I was searching for young ones of our congregation who are active in sports and games along with their studies. I could find a couple of them who spent time and energy for sports and games. The encouraging fact is that they are very serious in that and ambitious too. Considering the strength of children in our Sunday School / CEF, the number in this category is very negligible. That prompted me to write this.

It will not be wrong to say that sports and education though they are very different in their activities, they complement each other. If one is able to manage these two in a balanced manner, definitely it will make him/ her a better person. True, education is important to gain knowledge and develop academic skills. Also education is necessary for achieving reasonable professional goals. Definitely being actve in sports and games will help one to win the race in life comfortably.

Following are a few benefits one can reap by being active in sports and games along with education which will complement your studies.

It inclucates '**Team Spirit**' in the attitude of a person. Particularly in games, it is team work that bring success. The appreciation for a success is enjoyed by the team, same way the responsibility for a failure is accepted by the team. At times of failures, the members of a team do not blame each other; instead the omissions and commissions are shared between them.

'**Hard work**' becomes the life style of a sports person. Gets up early moring and attends practice sessions and also finds time in the evening for practices after a day's classes in school or college. This routine helps a person to maintain good physical and mental health.

Habit of '**sharing**' is another benefit. Sharing of success and failure, happiness and sorrow. In the present micro family society, there is no chance to build the habit of sharing. In sports and games you get an opportunity to practise sharing.

A sports person will acquire good 'Leadership Qualities'. He/ she will be able to tackle difficult situations, that is to say, will be good at crisis management. Such persons will become confident to lead a team of people with different character/ temperament by taking them together. Through out the life time of a person this will remain as an advantage.

**Discipline** is another important gain. A sports person will be a self disciplined individual, will be able to manage time well and does not procrastinate. Builds ability to distinguish between bad and good, which is essential for a successful life.

Here, '**a good support**' is needed for the youngster in the beginning from elders, may be parents/grand parents. It is necessary to feel secure in an environment which is different from the class room and school friends. Some protection by the members of the family is needed for them in the initial couple of years. Once they get used to the new way of life they will become independent and be able  manage themselves.

So, young ones, get started soon after the final exams. Utilise the vacation time to enter a new way of life. Choose a right item of sport / game which suits your body structure, physique and most importantly your mind. By putting extra effort, you must be able to get mental satisfacion and happiness which are primary. Getting some advice for this from people who are already in this field of activity is necessary, for which the Physical Director of your school or college will be the ideal person.

A word of appreciation for those who are already striving hard to achieve their ambitions in sports along with their studies. For extra curricular activities, no doubt, extra prayer is necessary, so go forward prayerfully, putting your trust in the Lord Almighty.

**KIDS' CORNER**



Introducing Master **Alan Martin Thomas**

A 6th standard ICSC student at Christ Nagar English Medium School is a promising athlete in the field of Lawn Tennis. Born to Mr. Martin Thomas and Mrs. Shimy Martin (Favourite Homes), Alen lives with his parents and elder sister at Statue Road, Trivandrum. The initial passion for Tennis germinated in his sister Ann Martin Shimy who played till her 10th standard studies and left it in view of the decisive years ahead in academics.

The Trivandrum Tennis Club is Alan's arena where he spends most of his day hours, much more than his sleeping hours at home. Alan enjoys hundred percent parental support. He is tutored under the established club trainers: Mr. Arun, Mr. Nithin and privately under Mr. Ajith. While normal school hours are from 8am to 1.30pm, weekly three days: ie. Monday, Wednesday and Friday, Alan reports to the TTC grounds by 2pm for routine play and practice. But, every day, he is undergoing rigorous training from 5.30am to 7 am in the morning and from 5pm to 6.45pm in the evening. This coaching and practice indeed is no match to intensive training offered in any of our national sports schools.

Alan possesses a height of 143 cms and his body weight is 45kgs. He uses a Wilson 27 size racket and wears Adidas shoes on the playground. Novak Djokovic (Serbian Tennis Player) is his hero. While playing Doubles, he prefers the Volley position. (A volley is a shot in which the ball is struck before it bounces on the ground. Generally, a player hits a volley while standing near the net although it can be executed, farther back, in the middle of the tennis court or even near the baseline). Alan has specialised in a specific set of shots with accurate timing and is at his best to finish the point in one or two strokes.

While playing Singles, he prefers to play an offensive game - attacking and advancing.

Since strategy matters in Tennis, attacking tactics out - rally the opponent. By hitting the ball to the opponent's weakness, the racket is used aggressively and with strength. Alan has acquired professional know-how to use a variety of hits to create mistakes in the opponent's steps and bring the game to his advantage.

Alan has successfully won the following tournaments and he is quite humble to state that God enabled him to perform.

1. GV Raja Memorial Tennis Championship 2020
   Winner in Doubles under 10
2. Kerala State Inter-District Tennis Championship 2021
   2nd Prize in Doubles under 12
3. TTC Mini Open Tennis Tournament 2022
   Runner up in Singles
4. TTC/AITA Talent Series 2023
   Semi Finals in Doubles
5. TTC/AITA Talent Series 2023
   Winner in Singles
6. INKEL all Kerala open Tennis Championship 2023
   Winner in Doubles under 12
   Semi Finals in Singles under 12

Amidst hectic schedule on the grounds, Alan keeps a balance between his favourite game and his academic pursuits. On an average, he is scoring 35/50 in his school subjects. He is able to secure the goodwill of the Principal, especially he is indebted to his class teacher Madam Divya who is a source of encouragement to him. Alan's ambition is to become a national tennis player with international repute. While the Mateer Memorial Church Congregation appreciates the feats of Master Alan Martin Thomas, and prays for his future lawrels, we appeal to all sports/games lovers to come forward to express your talents through Church Voice.

- Report by **Dr. Christenson E. Sarasam**

(This feature is an initiative of **Er. Premdas Justus**)

*Disciplined children shine for God.*
*Total consecration yields best fruits.*



A. Livingstone

# RIDE ON IN MAJESTY
## മഹത്വരാജന്നോശാന

Words: Rev. Dr. Henry Hart Milman
Music: Geo C. Stebbins
Trans: Albert Livingstone

നാം കുരുത്തോലപ്പെരുന്നാൾ (Palm Sunday)ആയി ആചരിക്കുന്ന ഈസ്റ്ററിന്റെ തലേ ആഴ്ച യേശു ഒരു കഴുതകുട്ടിയുടെ ചുമലിൽ കയറി ശിഷ്യന്മാരാൽ ചുറ്റപ്പെട്ട് ഒലിവ്മലയുടെ ചരുവിൽ കൂടി വിശുദ്ധനഗരമായ യെരുശലേമിലേയ്ക്കു പോകുമ്പോൾ ജനങ്ങൾ കൂട്ടമായി കുഞ്ഞുങ്ങളടക്കം പിൻതുടർന്ന് കൈയ്യിൽ കുരുത്തോലകൾ വീശി മനുഷ്യരക്ഷകനെ ആർത്തുവിളിച്ചു: "ദാവീദുപുത്രനു ഹോശാന്നാ. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ: അത്യുന്നതങ്ങളിൽ ഹോശന്നാ"



*Rev. Dr. Henry Hart Milman*

മഹത്വരാജനായ് യേശു
ഗർദ്ദഭവാഹേ ശാലേമിൽ
എഴുന്നരുൾകെ സർവ്വരും
ഹോശന്നാ പാടിയാർക്കുന്നു.

**രാജ-രാജ-നായ് മുൻചെല്ലും**
**യേശുരാജനു ഹോശന്നാ**

മഹത്വരാജന്നോശാന,
ലോകശാപം തീർത്തിടുവാൻ
ക്രൂശിൽ സ്വയം അർപ്പിച്ചീടാൻ
ശാലേമിലേക്കു പോകുന്നാൻ - രാജ

മഹത്വരാജന്നോശാന,
ആബാലവൃദ്ധരാർക്കുന്നു
മരണത്തെ വെന്നീടുന്ന
നിൻജയാഘോഷ പൂരണം - രാജ

മഹത്വരാജന്നോശാന
സ്വർലോകദൂതരാകാശെ
സന്താപ അത്ഭുതത്തോടെ
നോക്കീടുന്നു ജീവബലി - രാജ

മഹത്വരാജന്നോശാന,
പിതാവിൻ അഭിക്ഷിക്തനേ
അന്ത്യകഷ്ടങ്ങൾ സമീപെ
തൻമുൻപിൽ താതൻ കാണുന്നു

മഹത്വരാജന്നോശാന
മാ, താഴ്മയായ് മുൻചെല്ലുന്നാൻ
തന്നത്താൻ ഏൽപ്പിച്ചീടുവാൻ
മഹത്വം സ്വർഗ്ഗതാതനു - രാജ

ഹോശാന്നാ ഞായർ ദിവസത്തേയ്ക്കുള്ള ഈ ഗാനം രചിച്ചത് റവ. ഹെൻട്രി ഹാർട്ട് മിൽമാൻ എന്ന വൈദീകനാണ്. ഇംഗ്ലണ്ടിലെ ലണ്ടനിൽ സർഫ്രാൻസിസ് മിൽമാന്റെ മൂന്നാമത്തെ മകനായി 1791-ൽ ജനിച്ചു. ഒരു ഇംഗ്ലീഷ് ചരിത്രകാരനും പുരോഹിതനുമായി വെരി റവ. മിൽമാൻ അറിയപ്പെട്ടു. അനേകം കവിതകളും, ഗാനങ്ങളും രചിച്ചി ട്ടുള്ള മിൽമാൻ, സംസ്കൃതത്തിലെ നളനും ദമയന്തിയും എന്ന ഉപാഖ്യാനം അടിസ്ഥാനമാക്കി ഒരു കാവ്യം രചിച്ചിട്ടുണ്ട്.

മിൽമാന്റെ നാലു മക്കളിൽ വില്യം മിൽമാന്റെ സഹോദരപുത്രനായിരുന്ന റോബർട്ട് മിൽമാൻ (1816-1876) 1867-ൽ കൽക്കട്ടയിലെ ബിഷപ്പായിരുന്നതായി ചരിത്രം പറയുന്നു. 1868-ൽ നിര്യാതനായി.

ഈ ഗാനത്തിനനുയോജ്യവും ആകർഷകവുമായ സംഗീതം നൽകിയത് ജോർജ്ജ് സ്റ്റെബ്ബിൻസ് എന്ന അമേരിക്കൻ സംഗീതജ്ഞനാണ്. സുവിശേഷ ഗാനമേഖലയിൽ അറിയപ്പെടുന്ന ഇദ്ദേഹം 1846-ൽ ഓർലിയൻസിൽ ജനിച്ചു. ഇരുപത്തിമൂന്നാം വയസ്സിൽ ചിക്കാഗോയിലെ ഒരു സംഗീത സംഘത്തിൽ ചേർന്നു പ്രവർത്തിച്ചു. 1874-ൽ ബോസ്റ്റണിലെ ഒരു ബാപ്ടിസ്റ്റ് സഭയിലെ സംഗീത തലവനായി. ഇവിടെ സാങ്കിയും മൂഡിയും കണ്ടുമുട്ടി. സംഗീതജ്ഞനായ ഫിലിപ്പ് ബ്ലിസിന്റെ അകാലനിര്യാണത്തെ തുടർന്ന് സ്റ്റെബ്ബിൻസും മക്ഗ്രനാഹനും സുവിശേഷ ഗാനങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ സാങ്കിയെ സഹായിച്ചു. പല സുവിശേഷഗാനങ്ങളുടെയും ഇൻപരാഗങ്ങൾ സ്റ്റെബ്ബിൻസിന്റേതായിട്ടുണ്ട്. “നിന്നിഷ്ടം പോലെ ആക്കുകെന്നെ നീ “വീണ്ടും ജനിക്കണം” എന്നിവ സ്റ്റെബ്ബിൻസിന്റേതാണ്.

“ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു” സെഖ. 9:9.

BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the First Epistle to Corinthians 15, 16, Second Epistle to Corinthians 1 to 8. Kindly, read these ten chapters before attempting the quiz.In the reading portion Paul again talks more about the Church and the role of believers in Church. Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before February 28th through email at churchvoicequiz@gmail.com

*Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.*
*After taking a photo make sure that the answers are readable before sending it.*
*Email is the only mode of communication.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz*
*You can also scan the QR code to go to the link.*

1. Who has God given as deposit in our hearts, guaranteeing what is to come?
2. How did the church in Corinth receive Titus?
3. But we have this treasure in ……………… to show that this all-surpassing power is from God and not from us.
4. We live not by sight, then by what?
5. In which place did Paul fight wild beasts?
6. The Spirit gives life, but what kills?
7. What weapons do the servants of God commend themselves with in the right hand and in the left?
8. How long did Paul say he would stay in Ephesus?
9. Paul had no peace of mind, because he didn't find whom?
10. Who, out of the most severe trial, their overflowing joy and their extreme poverty welled up in rich generosity?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from 1 Corinthians 5 to 14

1. Christ (1 Cor. 11:3)
2. The Lord's (1 Cor. 7:32)
3. Christ (1 Cor. 5:7)
4. Love (1 Cor. 14:1)
5. Holy Spirit (1 Cor. 6:19)
6. The weak (1 Cor. 8:9)
7. The church in Corinth (1 Cor. 9:2)
8. Faith, hope and love (1 Cor. 13:13)
9. 23,000 (1 Cor. 10:8)
10. Teachers (1 Cor. 12:28)

*Note: Because of a lack of clarity in translation*
*1 Cor. 5:8 also looks like the answer for Qn. 4, so I have considered it too.*

*List of people who had submitted the right answers :*

1. Sujana Satish
2. Meehal Godwin
3. Helen Saramma E. H.
4. Jolly David
5. J. Sumangala
6. Latha Job
7. Gladis J.
8. Chandra John
9. Nesakumari Davidson
10. Dora Johnson
11. Soben S. L.
12. Girly Rajesh Ross
13. Rajesh John Ross
14. Reuben S. L.
15. Anie Reuben

# ചർച്ച് വോയിസ് ബൈബിൾ ക്വിസ്സ്

## (മലയാളം പരിഭാഷ)

**ഫെബ്രുവരി 2023 1 കൊരിന്ത്യർ 15, 16 & 2 കൊരിന്ത്യർ 1–8**

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. ദൈവം ആരെയാണ് അച്ചാരമായി നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്നത്?
2. കൊരിന്തിലെ സഭ തീതൊസിനെ എങ്ങനെയാണ് കൈക്കൊണ്ടത്?
3. എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നുവരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു ആകുന്നു ഉള്ളതു.
4. കാഴ്ചയാൽ അല്ല, പിന്നെ എന്തിലാണ് ഞങ്ങൾ നടക്കുന്നതു?
5. പൗലൊസ് എവിടെ വച്ചാണ് മൃഗയുദ്ധം ചെയ്തത്?
6. ആതാവ് ജീവിപ്പിക്കുന്നു, എന്നാൽ എന്താണ് കൊല്ലുന്നത്?
7. ദൈവത്തിന്റെ ശുശ്രൂഷകന്മാർ ഇടത്തും വലത്തും എന്തു ആയുധങ്ങളാണ് ധരിക്കുന്നത്?
8. പൗലൊസ് എന്നുവരെ എഫെസൊസിൽ പാർക്കും എന്നാണ് പറഞ്ഞത്?
9. ആരെ കാണാഞ്ഞിട്ടാണ് പൗലൊസിനു മനസ്സിൽ സ്വസ്ഥതയില്ലാതായത്?
10. കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷസമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായിത്തീർന്നത് ആര്?

## OBITUARY

| Sl No | Family No | Name |
|---|---|---|
| 1 | 1723 | **Mrs. Lilly Jones**<br>H.No. J52, Jyothi Nagar,<br>Kesavadasapuram, Trivandrum-4<br>Died on : 02-02-2023  |


For we wrestle NOT against
FLESH and BLOOD
BUT AGAINST
Principalities
POWERS
Rulers of the DARKNESS
of this world
SPIRITUAL WICKEDNESS
in high places
EPHESIANS 6:12

# Combined Anniversary of Sub Organizations





# Republic Day









